1. കർഷരുടെ മുഖ്യ വരുമാനം കൃഷിയിലൂടെ അല്ലാത്ത അവസ്ഥ
2. ഭൂവുടമ സ്ഥലത്തില്ലാത്ത അവസ്ഥ
3. ഉയർന്ന ഉൽപാദന ചെലവ്
4. തൊഴിലാളികളുടെ യഥാസമയത്തുള്ള ലഭ്യതക്കുറവ്
5. കൃഷിക്കനുയോജ്യമായ യന്ത്രങ്ങളുടെ ലഭ്യതക്കുറവ്
6. കൃഷിയിൽ താൽപര്യമില്ലായ്മ
7. മറ്റ് സാമൂഹ്യ സാമ്പത്തിക അവസ്ഥ

ഗ്രൂപ്പ് ഫാമിംഗ്/ഗ്രൂപ്പ് മാനേജ്മെന്റ് സമ്പ്രദായം, കാർഷിക യന്ത്രവൽക്കരണം, വിവിധ പദ്ധതികൾ മുഖേന ലഭ്യമാകുന്ന സഹായധനങ്ങൾ തുടങ്ങിയവ മേൽ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാവുന്നുണ്ട്. ഇതിനുപുറമേ തരിശിടുന്ന കൃഷിഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിലൂടെ കൃഷി ഭൂമി തരിശിടുന്ന പ്രവണത കുറയ്ക്കുവാൻ കഴിയുന്നതാണ്.

ഊർജ്ജലഭ്യത വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ

26(*296) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നുവെന്നറിയിക്കുമോ ;

(ബി) ഈ പദ്ധതികളിലൂടെ എത്ര രൂപയുടെ കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടെന്നറിയിക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

(എ) ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെ ചേർക്കുന്നു ;

1. വിവിധ സൗരോർജ്ജ പദ്ധതികളായ
   (i) ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷന്റെ ഗ്രിഡ് കണക്ടഡ് പദ്ധതികൾ
   (ii) റൂഫ് ടോപ്, ഓഫ് ഗ്രിഡ് പ്രോജക്ടുകൾ
   (iii) വിദൂര ഗ്രാമവൈദ്യുതീകരണ പരിപാടി

LIBRARY ARCHIVES Kerala Legislative Assembly

2. ബയോഗ്യാസ് പദ്ധതികൾ

3. സോളാർ-വിൻഡ് ഹൈബ്രിഡ് പദ്ധതികൾ

4. സോളാർ വാട്ടർ ഹീറ്റർ പദ്ധതികൾ

കൂടാതെ സാങ്കേതിക വാണിജ്യ നഷ്ടം 15% ആക്കി കുറയ്ക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എ.ഡി.പി.ആർ.പി. പദ്ധതിയുടെ പാർട്ട്-ബിയുടെ നടത്തിപ്പിലൂടെ ഊർജ്ജവിതരണ രംഗത്തെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) ഈ പദ്ധതികളിലൂടെ 363.64 ലക്ഷം രൂപയുടെ കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്. കൂടാതെ ആർ.എ.പി.ആർ.പി.-യുടെ പാർട്ട്-ബി പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ 54.16 കോടിരൂപയുടെ കേന്ദ്ര സഹായം ലോണായും ലഭിച്ചിട്ടുണ്ട്.

തോട്ടങ്ങളുടെ പുനരുദ്ധാരണം

27(*297) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനുമായി സംസ്ഥാന സർക്കാർ കേന്ദ്രത്തിനു സമർപ്പിച്ച പാക്കേജിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട് ;

(ബി) തോട്ടം മേഖലയിലെ പ്രതിസന്ധിമൂലം ജോലിയില്ലാതെ കഷ്ടപ്പെടുന്ന തൊഴിലാളികൾക്കായി എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) ഇപ്പോൾ ഏതെല്ലാം തോട്ടങ്ങളാണ് അടഞ്ഞുകിടക്കുന്നത് ; ഇവ തുറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഇപ്പോൾ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ?

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ,

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ പുനരുദ്ധരിപ്പിക്കുന്നതിനും തുറന്നു പ്രവർത്തിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പാക്കേജിൽ സംസ്ഥാനത്തെ തേയിലത്തോട്ടങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. അതനുസരിച്ച് ടി ബോർഡുവഴി മാനേജ്മെന്റുകൾക്ക് നേരിട്ടാണ് ഈ പാക്കേജ് വഴിയുള്ള സഹായം അനുവദിച്ചിരുന്നത്. ആയതു കൊണ്ട് എത്ര കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം സംസ്ഥാന സർക്കാരിന് ലഭ്യമല്ല.

LIBRARY, ARCHIVES Kerala Legislative Assembly